1/7

7401
DATE 19/7/22

**POLICE DEPARTMENT**
**KERALA**

No. Q2-76793/2022/PHQ
Police Headquarters,
Thiruvananthapuram
✉phq.pol@kerala.gov.in
☏04712721547
Dated. 18-07-2022

From

സംസ്ഥാന പോലീസ് മേധാവി,
കേരളം,
തിരുവനന്തപുരം

To

രജിസ്ട്രാർ,
കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ,
തിരുവനന്തപുരം

സർ,,

Sub : കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ- CRMP No. 1553/02/LAI/2022/KeSCPCR & 8362/02/LAI/2019/KeSCPCR പ്രകാരം 27.04.2022 തീയതിയിൽ പുറപ്പെടുവിച്ച നിർദേശങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച്.

Ref : 1. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ -CRMP No. 1553/02/LAI/2022/KeSCPCR & 8362/02 /LAI/2019/KeSCPCR പ്രകാരം 27.04.2022 തീയതിയിൽ പുറപ്പെടുവിച്ച നിർദേശങ്ങൾ.
2. സർക്കാർ ഉത്തരവ് നമ്പർ 1475/2022/HOME dated 26.05.2022
3. U1-91122/2022/PHQ പ്രകാരം 01.06.2022 തീയതിയിൽ പോലീസ് ആസ്ഥാനത്ത് നിന്നും നൽകിയ സന്ദേശം.

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന (1) പ്രകാരം 27.04.2022 തീയതിയിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ -CRMP No. 1553/02/LAI/2022/KeSCPCR & 8362/02/LAI/2019/KeSCPCR നമ്പർ ഹർജികളിൽ പുറപ്പെടുവിച്ച ഉത്തരവിൽ താഴെ പറയുന്ന നിർദേശങ്ങൾ നൽകിയിരിക്കുന്നു. - (എ). സംസ്ഥാനത്തെ ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ തുടങ്ങിയ വിവിധ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങളിലും പ്രാർത്ഥനാ യോഗങ്ങളിലും ഉത്സവ പറമ്പുകളിലും മറ്റ് മതപരമായ ചടങ്ങുകളിലും ഉച്ചഭാഷിണികൾ/മൈക്രോ ഫോണുകൾ /മറ്റ് വാദ്യോപകരണങ്ങൾ തുടങ്ങിയവ ഉപയോഗിക്കുന്നത് 2000 - ലെ ശബ്ദമലിനീകരണ (ക്രമീകരണവും നിയന്ത്രണവും) നിയമത്തിലെ വ്യവസ്ഥകളനുസരിച്ചാണെന്ന് നിരീക്ഷിച്ച് ഉറപ്പ് വരുത്തുന്നതിനാവശ്യമായ ഉത്തരവുകൾ ഒന്നാം എതിർകക്ഷിയായ കേരള സംസ്ഥാന സർക്കാർ പുറപ്പെടുവിക്കണമെന്നും (ബി). സംസ്ഥാനത്തെ വിവിധ മത വിഭാഗങ്ങളുടെ ആരാധനാലയങ്ങളിലെ ശബ്ദമലിനീകരണത്തെക്കുറിച്ച് കുട്ടികൾ പരാതിപ്പെടുന്നുവെങ്കിൽ 2 മണിക്കൂറിനുള്ളിൽ പരിഹാരം കാണുന്നതിനാവശ്യമായ ഉത്തരവുകൾ ഒന്നും, രണ്ടും, മൂന്നും എതിർകക്ഷികൾ പുറപ്പെടുവിക്കണമെന്നും നിർദേശിക്കുകയുണ്ടായി. തദനുസൃതമായി പുറപ്പെടുവിച്ച, സൂചന (2) ലെ സർക്കാർ ഉത്തരവ് നമ്പർ 1475/2022/HOME dated 26.05.2022 പ്രകാരം 2000 - ലെ ശബ്ദമലിനീകരണ (ക്രമീകരണവും നിയന്ത്രണവും) നിയമത്തിലെ വ്യവസ്ഥകൾ എല്ലാ വിഭാഗം ജനങ്ങളും കർശനമായി പാലിക്കുന്നുണ്ടെന്ന് നിരീക്ഷിച്ച് ഉറപ്പ് വരുത്തുന്നതിലേക്ക് സൂചന (3) പ്രകാരം പോലീസ് ആസ്ഥാനത്തുനിന്നും എല്ലാ ജില്ല പോലീസ് മേധാവിമാർക്കും നിർദേശം നൽകിയിട്ടുള്ളത് അനന്തര നടപടികൾക്കായി ഇതോടൊപ്പം ചേർത്തയയ്ക്കുന്നു.

Yours faithfully